**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5707** **16-03-2023 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിൽ ആഭ്യന്തര വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ആഭ്യന്തര വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (എ) | കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ആഭ്യന്തര വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികളും ഇതിനായി വിനിയോഗിച്ച തുക സംബന്ധിച്ചുള്ള വിവരവും ചുവടെ ചേർക്കുന്നു.<br><br>(1) സ്റ്റേറ്റ് പ്ലാൻ സ്കീം 2020-21 പ്രകാരം നാല് ലക്ഷം രൂപ ചെലവാക്കി കായംകുളം പോലീസ് സ്റ്റേഷനിൽ വികലാംഗ സൗഹൃദ ശുചിമുറി നിർമ്മിച്ചു.<br><br>(2) സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23 പ്രകാരം എട്ട് ലക്ഷം രൂപ ചെലവാക്കി കായംകുളം പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ നടത്തി വരുന്നു.<br><br>(3) ബേസിക്ക് അമിനിറ്റി സ്കീം 2022-23-ൽ ഉൾപ്പെടുത്തി കായംകുളം പോലീസ് സ്റ്റേഷന് അഞ്ച് ലക്ഷം രൂപ അനുവദിച്ചതിലേക്കുള്ള പ്രവൃത്തികൾ നടന്നു വരുന്നു.<br><br>2016 മുതൽ നാളിതുവരെ വാർഷിക പദ്ധതി ഇനത്തിലെ ഫണ്ട് ഉപയോഗിച്ച് ഫയർ &റെസ്ക്യൂ സർവ്വീസസിൽ 2,04,65,718/- രൂപ ചെലവാക്കി വിവിധ അഗ്നിശമന രക്ഷാ ഉപകരണങ്ങളും വാഹനങ്ങളും കായംകുളം നിലയത്തിന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ